## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1117.** **30.11.2018 ൽ മറുപടിയ്ക്ക്**

**ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് മുഖേന ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിരുന്നോ; എങ്കിൽ എവിടെ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിരുന്നത്; | (എ) | നൽകിയിരുന്നു.<br>തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. പ്രസ്തുത അനുമതി 09/10/2018-ലെ സ.ഉ(സാധാ)നം.744/2018/നി.വ.-ലൂടെ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം വഴി എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിരുന്നത്; | (ബി) | ഏകദേശം 300 ആളുകൾക്ക് തൊഴിലവസരം ലഭിക്കും എന്നാണ് അപേക്ഷയിൽ പറഞ്ഞിരുന്നത് |
| (സി) | കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണോ പ്രസ്തുത സ്ഥാപനം വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ആഭ്യന്തര ഉത്പാദനത്തിനോടൊപ്പം കയറ്റുമതിയും ഉദ്ദേശമായി അപേക്ഷയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | വിദേശമദ്യം ഉൽപ്പാദിപ്പിച്ച് കയറ്റുമതി | (ഡി) | കയറ്റുമതി ചെയ്യുന്ന മദ്യത്തിൽ സംസ്ഥാന |

| | | | |
|---|---|---|---|
| | ചെയ്യുന്നതിലൂടെ ഡ്യൂട്ടിയിനത്തിൽ പ്രതീക്ഷിക്കുന്ന പ്രതിവർഷം വരുമാനം വ്യക്തമാക്കുമോ; | | ഗവൺമെൻറിന് ഡ്യൂട്ടി ഈടാക്കുവാനാകില്ല. എന്നാൽ പ്രൂഫ് ലിറ്ററിന് 5 രൂപ എന്ന നിരക്കിൽ കയറ്റുമതി ഫീസ് ഗവൺമെൻറിലേക്ക് ലഭിക്കുന്നതാണ്. |
| (ഇ) | സംസ്ഥാനത്ത് നിലവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഉപഭോഗത്തിലും നിർമ്മാണത്തിലുമുള്ള വ്യത്യാസം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ഇ) | സംസ്ഥാനത്ത് നിലവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നിർമ്മാണവും ഉപഭോഗവും തമ്മിൽ 7 ശതമാനം വ്യത്യാസമാണുള്ളത്. |
| (എഫ്) | വിദേശമദ്യ കയറ്റുമതിക്ക് ഒരു കമ്പനിക്ക് അനുമതി നൽകുന്നതിലൂടെ ടി കുറവ് എപ്രകാരം പരിഹരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രീചക്രാ ഡിസ്റ്റലറീസിന് മദ്യം കയറ്റുമതി ചെയ്യുന്നതിനുള്ള അനുമതി നൽകിയിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**